ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

Kailasam, T.C. 24/3219, No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram - 695 003; Phone :0471- 2724740
Email: kerala.sbb@kerala.gov.in, Website: www.keralabiodiversity.org
Toll free No: 1800 425 5383

നം.എ6/ 8539/2022/കെ.എസ്.ബി.ബി. 11.08.2022

<u>വിജ്ഞാപനം</u>

## കെ എസ് ബി ബി - 'ഹരിത ഗ്രാമം' പദ്ധതി (<u>വില്ലേജ് ഫോറസ്റ്റ്</u>)

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2022-2023 ലെ പ്ലാൻ സ്കീമിലെ വികേന്ദ്രീകരണ ജൈവവൈവിധ്യ സംരക്ഷണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 'ഹരിത ഗ്രാമം' (വില്ലേജ് ഫോറസ്റ്റ്) എന്ന പദ്ധതി നടപ്പിലാക്കുന്നു. നാടൻ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുന്ന ഈ പദ്ധതി ജൈവവൈവിധ്യ പരിപാലന സമിതി- കൾ (ബി എം സി കൾ) വഴിയാണ് നടപ്പിലാക്കുന്നത്. സർക്കാർ ഉടമസ്ഥതയിലിലുള്ള പൊതുസ്ഥലത്തോ സ്കൂൾ കോമ്പൗണ്ടുകളിലോ ഭക്ഷ്യയോഗ്യമായ നാടൻ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഒരു ചെറുവനം സൃഷ്ടിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കേരളത്തിന്റെ ഭൂഭാഗത്തിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട മേഖലയിൽ കാണപ്പെടുന്ന വംശനാശ ഭീഷണി നേരിടുന്ന സസ്യയിനങ്ങൾ നട്ടു സംരക്ഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. 10 സെന്റിൽ കുറയാത്ത സ്ഥലം പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്. കുടുംബശ്രീ/ എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ സഹായത്തോടെ ഫലവൃക്ഷത്തോട്ടത്തിന്റെ നിർമ്മാണവും തുടർ പരിപാലനവും നടത്താവുന്നതാണ്. പദ്ധതിയുടെ ആകെ തുക 2.0 ലക്ഷം രൂപ. പദ്ധതി നടപ്പിലാക്കുന്നതിന് താൽപര്യമുള്ള ബി എം സി കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പദ്ധതിയുടെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ:

- പോഷക പ്രാധാന്യമുള്ള പ്രാദേശിക ഫല സസ്യ ഇനങ്ങളുടെ ലഭ്യതയും വൈവിധ്യവും വർദ്ധിപ്പിക്കുക.
- പ്രാദേശിക ഇനം ഫലവിളകളുടേയും അവയുടെ വന്യമായ ബന്ധുക്കളുടേയും മൂല്യത്തെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം വളർത്തുക.
- ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, തദ്ദേശീയ ഫലസസ്യങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക
- ഗ്രാമപ്രദേശങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും ക്രിയാത്മകമായ തൊഴിലും പരിശീലനവും നൽകുക.
- കൂടുതൽ ഗ്രീൻ കവർ, ഇക്കോസിസ്റ്റം സേവനങ്ങൾ എന്നിവ ലഭ്യമാക്കുക.

പദ്ധതി നിർവഹണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ:

- സർക്കാർ ഉടമസ്ഥതയിലിലുള്ള പൊതുസ്ഥലങ്ങളോ സ്കൂൾ കോമ്പൗണ്ടുകളിലോ പദ്ധതി നടപ്പാക്കാവുന്നതാണ്.
- 10 സെന്റിൽ കുറയാത്ത സ്ഥലം പദ്ധതിക്കായി തെരെഞ്ഞെടുക്കേണ്ടതാണ്.
- കെ എസ് ബി ബി യിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ പദ്ധതിക്കായി നിർദ്ദേശ്ശിക്കുന്ന സ്ഥലം സന്ദർശിക്കുന്നതും അന്തിമ തീരുമാനം കൈകൊള്ളുന്നതുമാണ്
- പദ്ധതി നടപ്പാക്കുന്നതിനുള്ള പൂർണ ചുമതല ബി എം സി കൾക്കായിരിക്കും.
- ബി എം സി -കൾ കുടുംബശ്രീ/എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ സഹായത്തോടെ ഫലവൃക്ഷത്തോട്ടത്തിന്റെ നിർമ്മാണവും തുടർപരിപാലനവും നടത്താവുന്നതാണ്.
- പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന സ്ഥല/സ്ഥാപനമുടമയിൽ നിന്നും സമ്മതപത്രം വാങ്ങി ബി എം സി കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷ സമർപ്പിക്കുന്ന ബി എം സി കൾക്ക് പ്രത്യേകം ബി എം സി അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്. പദ്ധതി തുക പ്രസ്തുത അക്കൗണ്ടിലൂടെയായിരിക്കും വിതരണം ചെയ്യുന്നത്.
- തെരഞ്ഞെടുക്കപ്പെടുന്ന ബി എം സി, സ്ഥല/സ്ഥാപനമുടമ, കെ എസ് ബി ബി എന്നിവർ ചേർന്ന് വയ്ക്കുന്ന ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും പദ്ധതി നടപ്പാക്കുന്നത്.
- ബി എം സി സെക്രട്ടറിയായിരിക്കും പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ.
- പ്രാദേശികമായി കാണപ്പെടുന്ന നാടൻ ഫലസസ്യങ്ങൾ/വൃക്ഷങ്ങൾ മാത്രമേ പദ്ധതിയിലൂടെ നട്ടു പിടിപ്പിക്കുവാൻ പാടുള്ളൂ. കൂടാതെ കേരളത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ള വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- പദ്ധതിയുടെ പുരോഗതിക്കനുസരിച്ച് ഗഡുക്കളായി പദ്ധതിക്കുള്ള ഫണ്ട് അനുവദിക്കുന്നതാണ്.
- പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ ഘടകങ്ങൾക്ക് ചെലക്കഴിക്കേണ്ടതായി വരുന്ന തുകയുടെ വിശദമായ കണക്ക് (ബഡ്ജറ്റ്) (3 വർഷത്തെ പരിപാലനം ഉൾപ്പടെ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പദ്ധതിക്കായി കരാർ വയ്ക്കുന്നത് മുതൽ 3 മാസത്തിനകം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തേണ്ടതും 6 മാസത്തിനുള്ളിൽ പദ്ധതിയുടെ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കേണ്ടതുമാണ്.
- കെ . എസ് ബി ബി യിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും, ബി എം സി കൾ പദ്ധതിയുടെ എല്ലാ

ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങളുടെ ചിത്രങ്ങളോടുകൂടിയ റിപ്പോർട്ട് കെ എസ് ബി ബി യിൽ സമർപ്പിക്കേണ്ടതുമാണ്.

മേൽ നിബന്ധനകൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കാൻ താൽപ്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 15.09.2022**

അപേക്ഷ സമർപ്പിക്കേണ്ട വിലാസം: **വിലാസം:**

മെമ്പർ സെക്രട്ടറി
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
'കൈലാസം', ടി.സി. 24/3219, നം.43, ബെൽഹാവൻ ഗാർഡൻസ്
കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003
**ഇ-മെയിൽ - kerala.sbb@kerala.gov.in**

ഡോ. സന്തോഷ്കുമാർ എ. വി.
മെമ്പർ സെക്രട്ടറി

File: A6/System/E/NBA-Project/Notification

അനുബന്ധം

കെ എസ് ബി ബി - 'ഹരിത ഗ്രാമം' പദ്ധതി (വില്ലേജ് ഫോറസ്റ്റ്)

പദ്ധതിക്കുള്ള അപേക്ഷ മാതൃക

| | | |
|---|---|---|
| 1. | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | |
| 2. | ജില്ല | |
| 3. | ആമുഖം - പദ്ധതിയുടെ പ്രാധാന്യം | |
| 4. | ലക്ഷ്യങ്ങൾ | |
| 5. | പദ്ധതി പ്രദേശം (വിസ്തൃതി ഉൾപ്പെടെ) (സ്ഥല/സ്ഥാപനമുടമയിൽ നിന്നും സമ്മതപത്രം സമർപ്പിക്കേണ്ടതാണ്) | |
| 6. | നടപ്പിലാക്കുന്ന രീതി | |
| 7. | ബഡ്ജറ്റ് എസ്റ്റിമേറ്റ് (3 വർഷത്തെ പരിപാലനം ഉൾപ്പടെ) | |
| 8. | പ്രയോജനങ്ങൾ/നേട്ടങ്ങൾ | |
| 9. | പദ്ധതി മേൽനോട്ട സംവിധാനം/സാങ്കേതിക സഹായം എന്നിവയുടെ വിശദാംശങ്ങൾ | |
| 10. | പദ്ധതി ബി.എം.സി അംഗീകരിച്ച തീരുമാനം നമ്പർ/ തീയതി | |

ഒപ്പ്
ബി.എം.സി ചെയർപേഴ്സൺ

ഒപ്പ്
ബി.എം.സി സെക്രട്ടറി